കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

16 ആഗസ്റ്റ് 2018

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

## മഹാആനാസ് കാമ്പസിൽ വിദ്യാർഥി സംഘർഷം
# ഒരു വിദ്യാർഥി കൊല്ലപ്പെട്ടു

കൊലയില്ലാ കാട്- പേരുകേട്ട മഹാ ആനാസ് കോളേജിൽ വിദ്യാർഥി സംഘടനകൾ തമ്മിൽ നടന്ന സംഘർഷത്തെ തുടർന്ന് ഒരു വിദ്യാർഥി കൊല്ലപ്പെട്ടു. ശങ്കു കുട്ടിയാനയാണ് കൊല്ലപ്പെട്ടത്. കുത്തിയ വിദ്യാർഥികളെ പറ്റി സൂചന ലഭിച്ചിട്ടുണ്ട്. എല്ലാവരും ഒളിവിലാണ്. വിദ്യാർഥി സംഘടനകൾ തമ്മിൽ ചുമരിൽ പോസ്റ്ററുകൾ പതിക്കുന്നത് സംബന്ധിച്ച തർക്കമാണ് കൊലയിൽ കലാശിച്ചത്. പഠിക്കാൻ വരുന്ന വിദ്യാർഥികളെന്തിനാണ് ആയുധങ്ങളുമായി വരുന്നത് എന്ന് പ്രമുഖ രാഷ്ട്രീയ നിരീക്ഷകൻ ചെമ്പൻ കുരങ്ങൻ ചോദിച്ചു. രാഷ്ട്രീയ പാർട്ടികൾ വിദ്യാർഥികളെ പോരിനിറക്കി രക്തസാക്ഷികളെ നിർമിച്ച് ശക്തികൂട്ടുവാൻ ശ്രമിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു. ജനകീയ സമരങ്ങളിലൊന്നും ഒരു വിദ്യാർഥി സംഘടനയും ഇന്നില്ല. എതിർ പാർട്ടിക്കാർക്ക് നേരെ കരിങ്കൊടി കാട്ടാനും തടയാനുമൊക്കെയാണ് ഇന്ന് വിദ്യാർഥികളെ ഉപയോഗിക്കുന്നതെന്നും ചെമ്പൻ പറഞ്ഞു. പാവപ്പെട്ട കുടുംബമാണ് ശങ്കുവാനയുടേത്. പഠിച്ച് ഒരുപാട് ഉയരങ്ങളിലെത്തണം എന്ന് ആഗ്രഹിച്ച ഒരു വിദ്യാർഥി. സ്വന്തം സഹപാഠികളെ കുത്തിക്കൊല്ലാൻ തുനിഞ്ഞ മനസ്സ് എന്തു നികൃഷ്ടമാണെന്നും അദ്ദേഹം വേദനയോടെ പറഞ്ഞു. ജംഗിൾ ഫ്രണ്ട് എന്ന വിദ്യാർഥി സംഘടനയിലെ പ്രവർത്തകരാണ് കൊലക്ക് പിന്നിലെന്നാണ് പ്രാഥമിക നിഗമനം.



## കാമ്പസിൽ നടക്കുന്നത് ഗുണ്ടായിസമാണ്



കാട്ടുചോല- ജന്തുസ്ഥാനിലെ മിക്ക കാമ്പസുകളിലും നടക്കുന്നത് ഗുണ്ടായിസമാണെന്ന് പ്രമുഖ എഴുത്തുകാരൻ ചിപ്പു ജിറാഫ്. നിങ്ങൾ എല്ലാ കാമ്പസുകളിലും ഒന്ന് ചെന്നുനോക്കൂ. അവിടെ ഭൂരിപക്ഷമുള്ള വിദ്യാർഥി സംഘടനക്കല്ലാതെ പ്രവർത്തന സ്വാതന്ത്ര്യം കാണില്ല. അടിച്ചും ഇടിച്ചും ഇടിമുറിയിലിട്ട് പരിപ്പെടുക്കുന്ന ഗുണ്ടകളാണ് പഠിച്ചു കൊണ്ടിരിക്കുന്നത്. റെഡ് ജംഗിൾ പാർട്ടിയാണ് ഇങ്ങനെ കുട്ടികളെ ഇടിച്ച് പരുവമാക്കുന്നതിൽ മുന്നിൽ. കുട്ടികളെ പഠനത്തിന് സഹായിക്കാനാകണം സംഘടനകൾ. മറ്റു സംഘടനകളെ പ്രവർത്തിക്കാൻ സമ്മതിക്കില്ല എന്ന നിലപാട് ഒട്ടും നൻമയല്ല. കുട്ടികൾ ക്യാമ്പസിൽ നിന്ന് പഠിക്കേണ്ടത് സങ്കുചിത രാഷ്ട്രീയമല്ല, വിശാലതയാണ് എന്നും ചിപ്പു ജിറാഫ് തുടർന്നു.

## പപ്പി പനിക്ക് കാരണം
# വവ്വാൽ തന്നെ



വവ്വാൽ മുക്ക്- പപ്പി വൈറസിന് കാരണം വവ്വാലുകൾ തന്നെയാണെന്ന് കേന്ദ്ര റിപ്പോർട്ട് വന്നതിനെ തുടർന്ന് വവ്വാൽ ഐക്യമുന്നണി വെട്ടിലായി. തങ്ങളെ ചുമ്മാ സംശയിക്കുന്നു എന്ന രീതിയിൽ സഹതാപ തരംഗം ഉണ്ടാക്കി അടുത്ത ഇലക്ഷനിൽ വോട്ടാക്കി മാറ്റാം എന്നായിരുന്നു ഐക്യമുന്നണി നേതാവ് അപ്പുണ്ണി വവ്വാൽ നോക്കിയിരുന്നത്. അന്നേരത്താണ് ഇത്തരമൊരു ഇരുട്ടടി.

കേന്ദ്രം ഭരിക്കുന്ന ബലൂൺ ജംഗിൾ പാർട്ടിയാണ് ഈ റിപ്പോർട്ടിന് പിന്നിലെന്നും തങ്ങൾ അധികാരത്തിൽ വരുന്നത് തടയാനാണ് ഈ കളിയെന്നും അപ്പുണ്ണി വവ്വാൽ പറഞ്ഞു. വീണ്ടും എല്ലാ വവ്വാലുകളെയും സംശയത്തോടെ നോക്കുന്ന കാലം ഞങ്ങളെ ഭീതിപ്പെടുത്തുന്നുവെന്നും പഴം തിന്നുന്ന വവ്വാലുകൾക്കാണ് പ്രശ്നമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്, ഞങ്ങളൊക്കെ ഇപ്പോൾ പഴം തിന്നാറില്ല, ഡയറ്റിംഗിലാണെന്നും അപ്പുണ്ണി വവ്വാൽ പറഞ്ഞു.

## കളിക്കിടെ കോക്രി കാണിച്ച
## നെയ്ഡീറിന് ഫൈൻ

ബ്രസീൽ- കളിക്കിടെ തള്ളിയിട്ട ഐസ്കാട് താരം കുറുക്കോവിസ്കിയെ കോക്രി കാണിച്ച നെയ്ഡീറിന് ഫുട്ബോൾ അതോറിറ്റി ഫൈൻ ചുമത്തി. ഒരു ലക്ഷം കപ്പക്കിഴങ്ങാണ് ഒരു മാസത്തിനകം ഫിഫ ഓഫീസിൽ എത്തിക്കേണ്ടത്. അല്ലാത്ത പക്ഷം നെയ്ഡീറിന് ഫുട്ബോൾ കളിക്കാൻ പറ്റാതെ കപ്പയും തിന്ന് വീട്ടിലിരിക്കാം എന്ന് ഫുട്ബോൾ അതോറിറ്റി പ്രസിഡന്റ് സുന്ദരൻ കുറുക്കൻ പറഞ്ഞു.

സുന്ദരൻ കുറുക്കന്റെ വകയിലെ അമ്മാവന്റെ മോനാണ് കുറുക്കോവിസ്കിയെന്നും അതുകൊണ്ടാണ് തനിക്കെതിരെ നടപടിയെടുക്കുന്നതെന്നും നെയ്ഡീർ പ്രസ്താവിച്ചു. ഫൗള് ചെയ്തയാൾക്ക് ശിക്ഷയില്ല, കോക്രി കാണിച്ചെന്നും പറഞ്ഞു എനിക്കെതിരെയാണ് നടപടി, എന്ത് വൈരുധ്യമാണ്, ഞാൻ കോക്രി കാണിച്ചതല്ല അതെന്നും എന്റെ മുഖം ഇടക്ക് അങ്ങനെയാകും എന്നും അത് മാനുഫാക്ചറിംഗ് ഡിഫക്റ്റ് ആണെന്നും നെയ്ഡീർ പറഞ്ഞു.



ജ്ഞാനികളിലെ ആചാര്യൻ എന്നറിയപ്പെടുന്നത് – അരിസ്റ്റോട്ടിൽ